**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6446** **20-03-2023 - ൽ മറുപടിയ്ക്ക്**

**പുതിയ അണക്കെട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ജലസേചന വകുപ്പിൽ നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുള്ള അണക്കെട്ടുകൾ ജലസേചനം, കുടിവെള്ളം എന്നിവ ഉദ്ദേശിച്ചുള്ളവയാണ്.വയനാട് ജില്ലയിലെ കബനി നദി തടത്തിൽ ഏഴ് ഇടത്തരം പദ്ധതികൾ (കടമാൻതോട്, തൊണ്ടാർ, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ) ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ ആദ്യ ഘട്ടമായി കടമാൻതോട്, തൊണ്ടാർഎന്നീ പദ്ധതികളുടെ പര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>പാലക്കാട് ജില്ലയിലെ ശിരുവാണി നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലകമ്മീഷൻ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിലുള്ള കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേക്ക് ജലമെത്തിക്കാൻ SAKKIP (കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ) എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ നദികളിലാണ് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ജലസേചന വകുപ്പിൽ നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുള്ള അണക്കെട്ടുകൾ ജലസേചനം, കുടിവെള്ളം എന്നിവ ഉദ്ദേശിച്ചുള്ളവയാണ്.വയനാട് ജില്ലയിലെ കബനി നദി തടത്തിൽ ഏഴ് ഇടത്തരം പദ്ധതികൾ (കടമാൻതോട്, തൊണ്ടാർ, ചുണ്ടാലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി, പെരിങ്ങോട്ടുപുഴ) ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ ആദ്യ ഘട്ടമായി കടമാൻതോട്, തൊണ്ടാർഎന്നീ പദ്ധതികളുടെ പര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ ശിരുവാണി നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിക്കുവാൻ വിഭാവനം ചെയ്തിട്ടുള്ള അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള DPR കേന്ദ്ര ജലകമ്മീഷൻ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിലുള്ള കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേക്ക് ജലമെത്തിക്കാൻ SAKKIP (കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ) എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ചെറിയ മഴ പെയ്താൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കത്തിന്റെ കാരണങ്ങളെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ